## 697

എന്നും ഞാൻ സ്തുതിസ്തോത്രം പാടി വന്ദനം ചെയ്തീടുമെ
വല്ലഭനേശുവിനെ സ്വന്തജീവനെ കുരിശിൽ എനിക്കായ്
തന്നതവൻ വൻകൃപയ്ക്കായ് അൻപിനാൽ-

1 പാപത്തിൻഭാരത്താൽ ഞാൻ വലഞ്ഞു
ശാപത്തിലാണ്ടു കിടന്നനേരം ചാരത്തവൻ വന്നണഞ്ഞു
ചെന്നിണം ചൊരിഞ്ഞെന്നെ വീണ്ടെടുത്തു
നന്ദിയോടെന്നും ഞാൻ പാടീടുമേ-

2 ആകുലത്തിൽ ദു:ഖവേളകളിൽ ആപത്തിലും ഉറ്റസ്നേഹിതനായ്
ആശ്വാസത്തെ പകരുമെന്നിൽ യേശുനാഥൻ മരുയാത്രയിതിൽ
വാഴ്ത്തിടും ഞാൻ തിരുനാമമെന്നും-

3 വേഗം വരും വിണ്ണിൽ വീടൊരുക്കി വാനമേഘേ കർത്തൻ ദൂതരുമായ്
വാനിലെന്നെച്ചേർത്തിടുവാൻ വിൺപുരിയിൽ സ്വന്തഭവനമതിൽ
വാണിടും ഞാനെന്നും മോദമോടെ- **T.K.P.**